THE STATE ELECTRICITY OMBUDSMAN
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

അപ്പീൽ പരാതി നമ്പർ: P/050/2026

(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

തീയതി : 23-11-2026

പരാതിക്കാരൻ : ശ്രീ. ദേവസ്സി പി.പി
S/o പൗലോസ് പി.കെ
പരിയാടൻ വീട്, താഴൂർ,
ചട്ടികുളം പി.ഒ , ചാലക്കുടി,
തൃശൂർ ജില്ല - 680721.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
ചാലക്കുടി, തൃശൂർ ജില്ല.

ഉത്തരവ്

പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. പി. പി. ദേവസ്സി ലൈസൻസി ആയ **KSEBL** ന്റെ കുറ്റിച്ചിറ സെക്ഷനിലെ ഉപഭോക്താവാണ്. **2013** ൽ കുറ്റിച്ചിറ സെക്ഷൻ രൂപീകരിക്കുന്നതിന് മുൻപ് പരാതിക്കാരന്റെ കണക്ഷൻ പരിയാരം സെക്ഷന് കീഴിലായിരുന്നു. **1970** ൽ ആണ് പരാതിക്കാരൻ ലൈസൻസിൽ നിന്നും കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത്. **2011** വരെ പരാതിക്കാരൻ പരിയാരം സെക്ഷന്റെ കീഴിലായിരുന്നപ്പോൾ പല പറമ്പുകളിലും പോസ്റ്റുകൾ സ്ഥാപിച്ച് കപ്പത്തോടിനു കുറുകെ ലൈൻ വലിച്ചായിരിന്നു കണക്ഷൻ നൽകിയിരുന്നത്. കുറ്റിച്ചിറ സെക്ഷൻ രൂപീകരിച്ചപ്പോൾ കപ്പത്തോട് അതിർത്തിയായി നിശ്ചയിക്കുകയും കപ്പത്തോടിന് വടക്കു വശത്തുള്ള കണക്ഷനുകൾ കുറ്റിച്ചിറ സെക്ഷനിലേക്കുമാറ്റി. മറ്റൊരു കാർഷിക കണക്ഷൻ (ഭരണികുളങ്ങര തോമസിന്) കപ്പത്തോടിന് തെക്കു വശത്തു നിലനിർത്തുന്നതിന് വേണ്ടി മുമ്പുണ്ടായിരുന്ന പോസ്റ്റുകൾ ഉപയോഗിക്കുകയും കപ്പത്തോടിന് കുറുകെ **weather proof line** ഉപയോഗിച്ച കണക്ഷൻ നൽകുകയും ചെയ്തു. **2004** ൽ ആണ് ഈ കാർഷിക കണക്ഷൻ

നൽകിയിട്ടുള്ളത്. ഏകദേശം **2** വർഷത്തോളമായി ഈ ലൈൻ വിച്ഛേദിച്ച രീതിയിൽ ആണ്; വൈദ്യുതി ഉപയോഗവുമില്ല. കൂടാതെ പോസ്റ്റുകൾ മറിഞ്ഞും ലൈനിലേക്ക് കാടും വള്ളികളും വളർന്നും ലൈൻ വളരെ അപകടാവസ്ഥയിൽ ആണ്. അതിനാൽ ഈ ലൈൻ പൊളിച്ച് മാറ്റണമെന്നാണ് പരാതിക്കാരന്റെ ആവശ്യം. പരാതി പരിഹരിക്കപ്പെടാത്തതിനാൽ **CGRF** -ൽ **OP/32/26-27** ആയി നൽകിയ പരാതിയിൽ നടപടികൾ പൂർത്തിയാക്കി **04/08/2026** ൽ ഉത്തരവായി. **CGRF** ന്റെ ഉത്തരവിന്മേലുള്ള അപ്പീലായിട്ടാണ് പരാതി ഓംബുഡ്സ്മാൻ സമക്ഷം നൽകിയിരിക്കുന്നത്.

പരാതിക്കാരന്റെ വാദം

The present Appeal is filed against the Order dated 04/08/2026 passed by the Consumer Grievance Redressal Forum in CGRF-CR/OP No. 32/2026-27. The dispute concerns an LT electricity line passing through the Appellant's private property. The Appellant's clear and specific relief sought in the proceedings is the dismantling/removal of the disputed LT line passing through the Appellant's private property and complete release of the property from the burden of the said line. The Appellant respectfully submits that the issue cannot be determined merely on the basis that an electricity line existed through the property in the past or that some of the existing poles continue to remain at their earlier physical locations. The present arrangement has to be examined in the light of the dismantling and subsequent reconfiguration carried out by KSEB in 2019, including the changes in source, transformer, feeder, direction and connectivity, and the documentary and legal basis for continuing the present line through the Appellant's private property.

As per the information available to the Appellant, the earlier arrangement involved a line connection from the Parakkunnu Transformer side, coming from the southern direction, to the relevant portion of the line. Subsequently, KSEB carried out dismantling/reconfiguration work. In particular:

- a portion of the old line, including the connection originating from the Parakkunnu Transformer side, was dismantled;
- thereafter, the present arrangement was formed by providing a connection from the Kootalathodu Transformer side to the existing pole arrangement;
- the present arrangement extends towards and terminates at the northern side of Kappathodu;
- another consumer connection is associated with the present arrangement, and
- KSEB has taken the position that Consumer No. 1156521013302 (Thomas) continues to exist and that the disputed line therefore cannot be dismantled.

However, the Appellant has not independently observed or been provided with clear documentary evidence establishing that Consumer No. 1156521013302 is presently receiving supply through the particular disputed LT line passing through the Appellant's property. The Appellant's clear factual stand is that the Appellant did not previously grant any consent/wayleave for establishing or continuing the electricity line through the said private property in the present

manner. The Appellant respectfully submits that a previous consent, if any, cannot automatically be treated as applicable to the present arrangement merely because an electricity line existed through the property in the past. The previous document, if relied upon by KSEB, must first be produced and examined. Only thereafter can it be determined whether it actually covers the present arrangement.

As stated in the said KSEB response, the Appellant's connection and Consumer No. 115729300641 were shifted to the Kootalathodu Transformer. The said response further records that Consumer No. 115729300641 was subsequently disconnected in 2019. This creates a material factual issue concerning the present purpose and connectivity of the disputed line. If the earlier consumer connection was disconnected in 2019 and the earlier arrangement was dismantled/reconfigured, the present legal and technical basis for retaining the disputed line through the Appellant's property requires proper documentary determination. Significantly, the said KSEB response does not, by itself, establish that Consumer No. 1156521013302 (Thomas) was subsequently connected to the disputed LT line passing through the Appellant's property. If KSEB now relies upon Consumer No. 1156521013302 as the basis for retaining the disputed line, the official record showing when, how and through which physical route the said consumer was connected to the disputed line must be produced and examined.

In or around February 2025, KSEB undertook proceedings/works relating to the installation of new LT poles and associated line works in the area concerned, including the portion of the network relevant to the disputed line. The Appellant had not given consent for such works affecting his private property. The Appellant has specifically sought, through the RTI application submitted before the PIO, Electrical Section Office, Kuttichira, the official records relating to these works, including the Administrative Sanction, Technical Sanction, Work Order, Work Approval, Completion Order, Site Inspection Report, Route Survey Report, Feasibility Report and Route Sketch. The Appellant has also sought the corresponding Asset Register, Network Asset Records, Commissioning Records, Ownership Records, Pole Register, Pole History and Pole Installation Records relating to the relevant LT line and poles. These records are material for determining what work was proposed and actually carried out in February 2025, for what technical purpose, under what approved route/alignment, and whether the said works formed part of or resulted in the present disputed line arrangement. If KSEB relies upon the said works as part of the present network arrangement, the relevant official records, including the authority for the work, approved route/alignment and any consent/wayleave or other legal authority relied upon by KSEB, require examination. The February 2025 works are therefore relevant to the determination of the subsequent network arrangement after the 2019 dismantling/reconfiguration and the present basis for retaining the disputed line through the Appellant's private property.

KSEB has relied upon the continued existence of Consumer No. 1156521013302 (Thomas) and has taken the position that the disputed line cannot be dismantled because of the existence of the said consumer. However, the existence of a consumer account is not, by itself, proof that the consumer is

presently receiving supply through the particular disputed LT line passing through the Appellant's property. The Appellant's specific contention is that KSEB has not clearly established the actual physical and electrical connectivity between Consumer No. 1156521013302 and the disputed line. The Appellant is not seeking to conclusively determine the electrical connectivity merely by assertion. Rather, the Appellant submits that if KSEB claims that Consumer No 1156521013302 is presently supplied through the disputed line, KSEB, being the distribution licensee and custodian of the relevant technical records, should establish such connectivity through its official records and, where necessary, through a technical site inspection.

The Appellant has produced the relevant electricity bills/consumer records of Consumer No. 1156521013302 (Thomas). These records are relied upon for two specific factual purposes:

- The consumer records identify/reflect the consumer in connection with the Parakkunnu Transformer under Pariyaram Electrical Section; and
- The consumer records show zero-unit electricity consumption for a period exceeding two years. These records are relevant to the Appellant's specific contention that the actual present supply and physical connectivity of the said consumer to the disputed LT line require verification.

The bills are not relied upon as conclusive proof, by themselves, that the consumer is not using the disputed line. Rather, they raise a specific factual issue which KSEB is required to clarify through its official technical and service-connection records.

The Appellant respectfully submits that the following are two distinct factual questions:

- Whether Consumer No. 1156521013302 continues to exist in KSEB's consumer/database records; and
- Whether the said consumer is presently receiving electricity through the particular disputed LT line passing through the Appellant's private property.

The description of a consumer as an "active consumer" in KSEB's computer records may establish the status of the consumer account. It does not, without further evidence, establish the physical route through which electricity is presently supplied to that consumer. Therefore, if the existence of this consumer is relied upon as the reason why the disputed line cannot be dismantled, the actual physical connectivity must be established by KSEB. The Appellant's bills/records relating to Consumer No. 1156521013302, produced as Annexure A5, contain the relevant transformer/source description referring to the Parakkunnu Transformer under Pariyaram Electrical Section. At the same time, the present arrangement is stated to originate from the Kootalathodu Transformer. This creates a material factual issue requiring clarification from KSEB's official records.

The Appellant's specific factual stand is that the fuse associated with the concerned line/consumer has remained removed since around 2018. The Appellant had brought this matter to the notice of KSEB authorities. This issue is relevant to determining the actual present energisation and use of the disputed line. The Appellant had also raised the question as to how regular meter readings

and actual electricity supply through the disputed line could be established if the fuse had remained removed. The Appellant had brought the condition of the disputed line and poles to the notice of KSEB authorities in February 2025 and subsequently again submitted a complaint/intimation to the Assistant Executive Engineer in March 2025. The Appellant had specifically informed KSEB regarding the condition of the line and poles and the safety concerns arising therefrom. However, no written reply was received from the concerned KSEB authorities to either of these complaints, nor was any specific technical inspection report furnished to the Appellant in response to those complaints. The fact that the complaints were made is therefore relevant to establish that KSEB had been put on notice regarding the factual and safety issues well before the present Appeal.

The Appellant has also observed that the neutral link remains connected, although the fuse has remained removed. If KSEB maintains that the disputed line continues to be energised/active and is in a safe condition. The Appellant is not making an independent technical conclusion that the condition is necessarily dangerous. Rather, if KSEB maintains that the line remains energised and safe, the actual electrical and safety status must be verified by KSEB and supported by technical records. The Appellant respectfully submits that, due to the continued presence and condition of the line, the affected portion of the property has not been safely and practically usable for normal agricultural activities and other activities for more than three years. The continued presence of the line in its present condition has materially restricted the safe and practical use of the Appellant's private property. If KSEB maintains that the line must continue to remain energised and operational over the private property, KSEB must also discharge the corresponding responsibility for its proper maintenance, safety, statutory clearances and safe condition.

Therefore, if the present arrangement has resulted from subsequent network planning, source/transformer changes, feeder changes or reconfiguration carried out by KSEB, the resulting technical and legal consequences cannot simply be placed upon the private property owner without examining the relevant KSEB records. The Appellant respectfully submits that the responsibility of the distribution licensee to arrange and maintain electricity supply cannot, by itself, justify indefinitely retaining a particular distribution line through private property without establishing the specific legal authority for doing so. If KSEB now contends that the disputed line cannot be dismantled because there is no alternative route presently available, the technical and administrative circumstances which resulted in such absence of an alternative must also be examined. In particular, it must be determined whether the present situation arose following KSEB's own dismantling, network planning, route selection, reconfiguration or subsequent technical decisions. Any deficiency in network planning, technical assessment, route selection or subsequent network arrangement on the part of the distribution licensee cannot, by itself, justify imposing an indefinite burden upon the Appellant's private property. The Appellant cannot be required to sacrifice or indefinitely burden his private property merely because KSEB has not presently arranged or identified an alternative means of supplying the concerned consumer. The Appellant's private property cannot be made to bear the consequence of such deficiency in planning or network arrangement. The question is therefore not

merely whether KSEB has an alternative route available today. The question is also whether KSEB's own records establish why the present arrangement came to be created after the 2019 dismantling, whether alternative arrangements were considered at that stage, and whether the continued burden on the Appellant's property is legally justified under the present circumstances.

The Appellant respectfully submits that the impugned CGRF Order requires interference/reconsideration on, inter alia, the following grounds:

- The present arrangement after the 2019 dismantling/reconfiguration has not been adequately examined on the basis of official records.
- The continued existence of poles at their earlier physical locations does not by itself establish that the present route, alignment, source, direction and connectivity are legally identical to the earlier arrangement.
- The Appellant's clear factual stand regarding absence of consent/wayleave has not been properly determined by examining whether KSEB possesses any valid prior document and, if so, whether it covers the present arrangement.
- The existence of Consumer No. 1156521013302 as an active consumer does not by itself establish that the consumer is presently supplied through the particular disputed LT line.
- The Thomas consumer bills produced as Annexure A5 show the relevant Parakkunnu Transformer/Pariyaram Section description and more than two years of zero-unit consumption, thereby raising a specific factual issue requiring verification of the consumer's actual present supply and connectivity.
- The photographs produced as Annexure A10(a)-A10(d) raise specific factual and safety issues concerning the physical condition of the line and the absence of a clearly identifiable visible service cable connecting Thomas to the disputed line.
- The fuse has remained removed, according to the Appellant's factual stand, since around 2018, and this issue was brought to the notice of KSEB.
- The February and March 2025 complaints produced as Annexure A6 demonstrate that KSEB had been put on notice regarding the condition and safety of the line. No written reply was received to either complaint from the concerned KSEB authorities.
- The KSEB response produced as Annexure A9 records material facts concerning the 2019 shifting/disconnection and therefore requires consideration while determining the present arrangement.
- The claim that there is no technically feasible alternative requires a proper technical study and cannot be accepted merely as an unsupported assertion.
- The 2019 dismantling and subsequent reconfiguration were carried out by KSEB, and the resulting consequences cannot reasonably be shifted to the private property owner without examining KSEB's own technical and administrative records.
- The continued line has materially restricted the safe and practical use of the Appellant's private property for more than three years.

- The legal authority for continuing the present line through the Appellant's private property after the changes made by KSEB has not been adequately established on the basis of documentary evidence.
- If KSEB relies upon the absence of an alternative route as a justification for refusing dismantling, the technical and administrative circumstances which resulted in such absence of an alternative must also be examined, particularly in view of the 2019 dismantling and subsequent reconfiguration carried out by KSEB itself.

Set aside/modify the findings in the impugned CGRF Order to the extent necessary for proper adjudication of the issues raised by the Appellant. Direct KSEB to dismantle/remove the disputed LT line passing through the Appellant's private property and completely relieve the property from the burden of the said line.

എതിർകക്ഷിയുടെ വാദം

പരാതിക്കാരന്റെ ഭൂമിയിലൂടെ സ്ഥാപിച്ചതും നിലവിൽ ഉപയോഗശൂന്യമെന്ന് പറയുന്നതുമായ ലൈൻ ഡിസ്മാന്റിൽ **(dismantle)** ചെയ്യാതെ, കൺസ്യൂമർ നമ്പർ: **1156521013302** (ഭരണികുളങ്ങര തോമസ്) എന്ന ഉപഭോക്താവിന്റെ ആവശ്യത്തിനായി നിലനിർത്തുന്നതിന് എതിരെയുള്ള പരാതിയുടെ വസ്തുതാപരമായ സംയുക്ത റിപ്പോർട്ട്.

1970 മുതൽ **2011**-ൽ കുറ്റിച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുവരെ പരാതിക്കാരൻ പരിയാരം സെക്ഷനിലെ ഉപഭോക്താവായിരുന്നു. പരാതിയിൽ പറയുന്ന **5** പോസ്റ്റുകളും (പോസ്റ്റ് നമ്പർ: **5374** മുതൽ **5378** വരെ) എൽ.ടി **(LT)** ലൈനും പരിയാരം സെക്ഷന്റെ കീഴിലായിരുന്നു.

ഓഫീസ് രേഖകൾ പ്രകാരം **25.02.2004**-ലാണ് ഭരണികുളങ്ങര തോമസിന് (കൺസ്യൂമർ നമ്പർ: **1156521013302**) ഇവിടെ കാർഷിക കണക്ഷൻ അനുവദിച്ചത്. അന്ന് വൈന്തലക്കാരൻ ലോനപ്പൻ **(S/o** കൊച്ചാപ്പു) എന്ന ഭൂവുടമയുടെ സമ്മതപത്രം വാങ്ങിയാണ് ഈ ലൈൻ സ്ഥാപിച്ചത്. പരാതിക്കാരനും **2014** വരെ ഇതേ ലൈനിൽ നിന്നാണ് വൈദ്യുതി ഉപയോഗിച്ചിരുന്നത്.

2011-ൽ കുറ്റിച്ചിറ സെക്ഷൻ രൂപീകരിച്ചപ്പോൾ 'കപ്പത്തോട്' ഇരു സെക്ഷനുകളുടെയും അതിർത്തിയായി നിശ്ചയിച്ചു. കപ്പത്തോടിന് വടക്കുവശമുള്ള ഉപഭോക്താക്കൾ കുറ്റിച്ചിറ സെക്ഷന് കീഴിലായി. തുടർന്ന് സുഗമമായ വൈദ്യുതി വിതരണത്തിനും സുരക്ഷയ്ക്കുമായി പരാതിക്കാരനെയും അയൽവാസിയായ മറ്റൊരു കാർഷിക ഉപഭോക്താവിനെയും (കൺസ്യൂമർ നമ്പർ: **1157293000641)** കുറ്റിച്ചിറ സെക്ഷന്റെ കൂട്ടാലത്തോട് ട്രാൻസ്ഫോർമർ ലൈനിലേക്ക് മാറ്റി. നിലവിൽ കുറ്റിച്ചിറ സെക്ഷനിൽ നിന്നുള്ള വൈദ്യുതി കപ്പത്തോടിന് കുറുകെ വെതർ പ്രൂഫ് സർവീസ് വയർ വഴി, പരിയാരം സെക്ഷനിലുള്ള പരാതിക്കാരന്റെ പറമ്പിലുള്ള പോസ്റ്റിലെത്തിച്ചാണ് തോമസിന് നൽകി വരുന്നത്.

2018-ലെ പ്രളയസമയത്ത് കപ്പത്തോട് നിറഞ്ഞു കവിഞ്ഞപ്പോൾ സുരക്ഷ മുൻനിർത്തി ഈ ലൈനിലെ സപ്ലൈ താൽക്കാലികമായി വിച്ഛേദിച്ചിരുന്നു. നിലവിൽ ഉപഭോക്താക്കൾ ആവശ്യപ്പെടുമ്പോൾ മാത്രമാണ് ലൈനിലേക്ക് സപ്ലൈ നൽകുന്നത്. ഇതിൽ രണ്ടാമത്തെ കാർഷിക ഉപഭോക്താവ് (1157293000641) 2019-ൽ കണക്ഷൻ പൂർണ്ണമായി വിച്ഛേദിച്ചിട്ടുണ്ട്. പൊതുജനസുരക്ഷ ഉറപ്പാക്കുന്നതിനായി പരാതിക്കാരന്റെ ഭൂമിയിലൂടെ പോകുന്ന നഗ്നമായ വൈദ്യുത കമ്പികൾ മാറ്റി ഇൻസുലേറ്റഡ് കേബിളുകൾ (RDSS പദ്ധതി വഴി) സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ പരാതിക്കാരന്റെ ശക്തമായ എതിർപ്പുമൂലം ആ ജോലി അവിടെ ഉപേക്ഷിക്കേണ്ടി വരികയും മറ്റൊരു സ്ഥലത്ത് അത് പൂർത്തിയാക്കുകയും ചെയ്തു.

കമ്പ്യൂട്ടർ രേഖകൾ പ്രകാരം തോമസിന്റെ കണക്ഷൻ ഇപ്പോഴും 'ലൈവ്' (Live Status) ആണ്. 28.02.2022-ൽ മീറ്റർ മാറുകയും 23.02.2024 വരെ ക്രമമായി റീഡിങ് കാണിക്കുകയും ചെയ്തിട്ടുണ്ട്. കറണ്ട് ചാർജ് ക്രമമായി അടയ്ക്കുന്ന ഈ കാർഷിക കണക്ഷൻ, ഉപഭോക്താവ് ആവശ്യപ്പെടാതെ ബോർഡിന് സ്വമേധയാ ഡിസ്മാന്റിൽ ചെയ്യാൻ കഴിയില്ല.

തോമസിന് വൈദ്യുതി എത്തിക്കാൻ നിലവിൽ മറ്റ് ബദൽ മാർഗ്ഗങ്ങളില്ല. അതേസമയം കപ്പത്തോടിന് കുറുകെ വെതർ പ്രൂഫ് വയർ മാത്രമിട്ട് സ്ഥിരമായി വൈദ്യുതി നൽകുന്നത് അപകടകരമായതിനാലാണ് ലൈൻ പലപ്പോഴും 'ഓഫ്' (Off) ചെയ്തു ഇട്ടിരിക്കുന്നത്. ഉപഭോക്താവ് കണക്ഷൻ ഒഴിവാക്കാൻ തയ്യാറാകാത്തതിനാലാണ് ലൈൻ പൂർണ്ണമായി ഡിസ്മാന്റിൽ ചെയ്യാത്തത്.

2004 മുതൽ 2025 വരെയുള്ള കാലയളവിൽ തോമസ് ഈ പോസ്റ്റിൽ നിന്നും വൈദ്യുതി ഉപയോഗിക്കുന്നതിനെതിരെ പരാതിക്കാരൻ യാതൊരു എതിർപ്പും ഓഫീസിൽ അറിയിച്ചിട്ടില്ല. കൂടാതെ 2025 മാർച്ചിൽ ഈ ലൈനിൽ സപ്ലൈ ഇല്ലെന്ന് പരാതിക്കാരൻ തന്നെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. അതിനാൽ നിലവിൽ അവിടെ അടിയന്തിര സുരക്ഷാ ആശങ്കകൾ ഇല്ലെന്ന് മനസ്സിലാക്കാം.

കാലവർഷ സമയത്ത് കപ്പത്തോട് നിറയുമ്പോൾ പരിയാരം സെക്ഷൻ അധികൃതർക്ക് ഈ സ്ഥലത്തേക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടായതിനാലാണ് വിഭജന സമയത്ത് ഈ ലൈൻ കുറ്റിച്ചിറ സെക്ഷൻ പരിധിയിലാക്കിയത്. പരാതിക്കാരന്റെ വിഷമം പരിഹരിക്കുന്നതിനായി, നിലവിൽ വസ്തുവിന്റെ നടുവിലൂടെ പോകുന്ന ലൈൻ മാറ്റി അതിരുകളിലൂടെ സ്ഥാപിക്കാൻ പരാതിക്കാരൻ താല്പര്യപ്പെടുന്നുവെങ്കിൽ, അതിനായി ഒരു ലൈൻ ഷിഫ്റ്റിങ് (Line Shifting) അപേക്ഷ സമർപ്പിച്ചാൽ ബോർഡിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാവുന്നതാണ്.

പരിയാരം, കുറ്റിച്ചിറ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള മേൽപ്പറഞ്ഞ വസ്തുതകൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

പരാതിക്കാരന്റെ എതിർവാദം

എന്റെ സ്വന്തം കാർഷിക കണക്ഷനുവേണ്ടി ഉപയോഗിച്ചിരുന്ന വൈദ്യുതി സംവിധാനം പിന്നീട് മറ്റൊരു ട്രാൻസ്ഫോർമറിലേക്കും മറ്റൊരു സെക്ഷനിലേക്കും മാറ്റി. അതിനു ശേഷം, **KSEB**യുടെ സ്വന്തം നടപടികളുടെ ഭാഗമായി **2019**-ൽ പഴയ **LT** ലൈൻ ഭാഗികമായി അഴിച്ചുമാറ്റിയതായും രേഖകളിലൂടെ വ്യക്തമാകുന്നു.

ഇവിടെ പ്രത്യേകം വ്യക്തമാക്കേണ്ടത്, **KSEB** ഇപ്പോൾ/മുൻപ് ആശ്രയിക്കുന്നതായി പറയുന്ന വൈന്തലക്കാരൻ ലോനപ്പന്റെ **Consent** എന്റെ സ്വകാര്യ ഭൂമിയിലൂടെ പ്രസ്തുത **line** തുടരുന്നതിനുള്ള അവകാശം തെളിയിക്കുന്നതായി അംഗീകരിക്കാൻ കഴിയില്ല എന്നതാണ്. ലോനപ്പൻ എന്ന വ്യക്തിക്ക് എന്റെ ഭൂമിയുമായി യാതൊരു ഉടമസ്ഥാവകാശമോ, എന്റെ ഭൂമിയിലൂടെ ലൈൻ നിലനിറുത്താൻ നൽകാവുന്ന യാതൊരു അധികാരമോ ഞാൻ നൽകിയിട്ടില്ല. ഞാൻ **KSEB**-യ്ക്ക് പ്രസ്തുത **line** എന്റെ ഭൂമിയിലൂടെ തുടരുന്നതിനായി ഒരിക്കലും എഴുത്തുപൂർവ്വ **Consent** നൽകിയിട്ടില്ല. അതിനാൽ, **KSEB** പ്രസ്തുത ലോനപ്പൻ നൽകിയിരിക്കുന്ന **Consent** ആണ് എന്റെ ഭൂമിയിൽ ലൈൻ നിലനിറുത്തുവാൻ നിലവിലെ അവകാശത്തിന്റെ അടിസ്ഥാനമെന്ന് വാദിക്കുന്നുവെങ്കിൽ, അതിന്റെ യഥാർത്ഥ പകർപ്പ്, **Consent** നൽകിയ വ്യക്തിക്ക് എന്റെ ഭൂമിയുമായുള്ള നിയമപരമായ ബന്ധം, **Consent** ബാധകമായ ഭൂമി/**route/alignment**, ഉദ്ദേശ്യം. പരിധി എന്നിവ ആദ്യം രേഖകളിലൂടെ തെളിയിക്കേണ്ടതാണ്. **KSEB** യുടെ **RTI** രേഖകളിൽ നിന്ന് **2019**-ൽ **33 kV** ലൈൻ പ്രവർത്തനത്തിന്റെ ഭാഗമായി, **Parakkunnu Transformer** ഭാഗത്തുനിന്നുള്ള പഴയ **LT line** ഭാഗികമായി **dismantle** ചെയ്തതായി അറിയുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. കാരണം. ഇതോടെ പഴയ വൈദ്യുതി വിതരണ ക്രമീകരണത്തിൽ മാറ്റം സംഭവിച്ചതായി തന്നെ **KSEB**യുടെ രേഖകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് **KSEB** ഇപ്പോൾ പറയുന്ന “ഇത് അതേ പഴയ **distribution line** തന്നെയാണ്, അതിനാൽ **dismantling** ചെയ്യാൻ കഴിയില്ല" എന്ന പൊതുവാദം മാത്രം മതിയാകില്ല. **2019**-ൽ എന്താണ് അഴിച്ചുമാറ്റിയത്, എന്താണ് നിലനിർത്തിയത്, എന്തിനാണ് അഴിച്ചുമാറ്റിയത്, ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചെയ്തത്, അതിന് ശേഷം ഇപ്പോഴത്തെ സംവിധാനം എങ്ങനെ രൂപപ്പെട്ടു എന്നതാണ് പരിശോധിക്കേണ്ടത്. **2019**-ൽ **KSEB** തന്നെ ഒരു ലൈൻ **dismantle** ചെയ്തതായി പറയുമ്പോൾ, ആ **dismantling**-ന്റെ അടിസ്ഥാന രേഖകൾ ഇല്ലാത്തത് ഒരു സാധാരണ ചരിത്രപരമായ വിവരക്കുറവ് മാത്രമല്ല.

ഇപ്പോഴത്തെ ലൈൻ എങ്ങനെ നിലവിൽ വന്നുവെന്നും അതിന്റെ തുടർച്ചയ്ക്ക് എന്താണ് നിയമപരമായ അടിസ്ഥാനം എന്നും പരിശോധിക്കുന്നതിന് ഈ രേഖകൾ നേരിട്ട് പ്രസക്തമാണ്. അതിനാൽ രേഖകൾ യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ, ഇപ്പോൾ ഇല്ലെങ്കിൽ എന്തുകൊണ്ട് ഇല്ല, നശിപ്പിച്ചിട്ടുണ്ടെങ്കിൽ ഏത് **retention procedure** പ്രകാരമാണ്, മറ്റേതെങ്കിലും **departmental/digital record** നിലവിലുണ്ടോ തുടങ്ങിയ കാര്യങ്ങൾ **KSEB** വ്യക്തമാക്കേണ്ടതാണ്. **2019 dismantling** സംബന്ധിച്ച ഈ മുഴുവൻ രേഖാ ആവശ്യങ്ങൾ **RTI**യിൽ പ്രത്യേകം ഉന്നയിച്ചിട്ടുണ്ടെന്നത് രേഖകളിലും മുൻ സ്റ്റേറ്റ് മെന്റിലും ഉൾപ്പെട്ടിട്ടുണ്ട്.

KSEBയുടെ പ്രധാന വാദം, പ്രസ്തുത ലൈൻ **distribution network**-ന്റെ ഭാഗമാണെന്നും മറ്റൊരു ഉപഭോക്താവിന് **supply** നൽകുന്നതിനാൽ **dismantle** ചെയ്യാൻ കഴിയില്ലെന്നുമാണ്. എന്നാൽ എന്റെ ചോദ്യം അതല്ല. ഒരു ലൈൻ പഴയതായി ഉണ്ടായിരുന്നതോ ഇപ്പോൾ **distribution network**-ന്റെ ഭാഗമാണെന്ന് **KSEB** പറയുന്നതോ മാത്രം കൊണ്ട്, എന്റെ സ്വകാര്യഭൂമിയിലൂടെ ആ പ്രത്യേക **alignment**-ൽ അത് തുടരാനുള്ള നിലവിലെ നിയമപരമായ അവകാശം സ്വതേ തെളിയുന്നില്ല. ഈ കേസിൽ ആദ്യം **KSEB** ഇപ്പോൾ ആശ്രയിക്കുന്ന അടിസ്ഥാന അവകാശം എന്താണെന്ന് രേഖകളിലൂടെ തെളിയിക്കണം **consent, wayleave, right of way, statutory authority,** മറ്റേതെങ്കിലും അംഗീകൃത രേഖയാണോ എന്നത് വ്യക്തമായി സ്ഥാപിക്കണം. ആ അവകാശം ഏത് ഭൂമിയെയും ഏത് **Direction of supply, route/alignment**-നെയും ഏത് **purpose**-നെയും **extent**-നെയും ബാധിക്കുന്നതാണ് എന്നും വ്യക്തമാക്കണം. അതിനു ശേഷമേ, **2019**-ലെ **dismantling/reconfiguration** കഴിഞ്ഞ് ഉണ്ടായ **source, transformer, feeder, direction, route, pole arrangement, consumer connectivity** എന്നിവ പഴയ അവകാശവുമായി താരതമ്യം ചെയ്ത്, ആ അടിസ്ഥാന അവകാശം നിലവിലെ **disputed route**-ലേക്ക് എങ്ങനെ ബാധകമായി തുടരുന്നു എന്ന് **KSEB** തെളിയിക്കേണ്ടതുള്ളു. ഈ രണ്ട് ഘട്ടങ്ങളും വേർതിരിച്ച് പരിശോധിക്കേണ്ടതാണ്. **KSEB** ഈ ലൈൻ ഇപ്പോഴും ഒരു **live/active distribution facility** ആണെന്ന് പറയുന്നുവെങ്കിൽ, അതിനനുസരിച്ചുള്ള **regular inspection, maintenance, statutory clearances, safety verification** എന്നിവയും രേഖകളിലൂടെ തെളിയിക്കേണ്ടതാണ്. ഒരു ലൈൻ "**network**-ന്റെ ഭാഗമാണ്" എന്ന് പറയുകയും രേഖകളിൽ ഇല്ലാതിരിക്കുകയും, അതേസമയം അതിന്റെ യഥാർത്ഥ **maintenance history. inspection history, safety verification** എന്നിവ ഹാജരാക്കാതിരിക്കുകയും ചെയ്യുന്നത് പരസ്പരം പൊരുത്തപ്പെടുന്ന നിലപാട് അല്ല. ഈ രീതിയിൽ **line** എന്റെ ഭൂമിയിലൂടെ തുടരുന്നത് എന്റെ ജീവനും സ്വത്തിനും സുരക്ഷയെക്കുറിച്ചുള്ള യഥാർത്ഥ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. ഈ വിഷയത്തിൽ ഞാൻ മുൻപ് നൽകിയ പരാതികളിൽ, **line**-ന്റെ **physical condition, safety, maintenance** എന്നിവ സംബന്ധിച്ച് പ്രശ്നങ്ങൾ ഉന്നയിച്ചിട്ടും,

അത് പരിഹരിക്കുന്നതിനുള്ള വ്യക്തമായ ഉത്തരവാദിത്വം **KSEB** ഏറ്റെടുത്തതായി എനിക്ക് രേഖാമൂലമുള്ള മറുപടി ലഭിച്ചിട്ടില്ല. അതിനാൽ, നിലവിലെ നിയമപരമായ അവകാശവും സുരക്ഷിതമായ **maintenance**-ഉം രേഖകളിലൂടെ വ്യക്തമായി സ്ഥാപിക്കപ്പെടാതെ പ്രസ്തുത **line** എന്റെ സ്വകാര്യ ഭൂമിയിലൂടെ തുടരുന്നതിനെ ഞാൻ അംഗീകരിക്കുന്നില്ല.

പോസ്റ്റുകളും ലൈനും കാടുപിടിച്ചും വളരെ താഴ്ന്ന നിലയിലും ഭൂമിയോട് ചേർന്നും കിടക്കുന്നുവെന്ന് ഫോട്ടോകളിൽ കാണുന്ന സാഹചര്യത്തിൽ പ്രസ്തുത **line** ഇപ്പോഴും **Thomas Consumer**-ന് **supply** നൽകുന്ന **active connection** ആണെന്ന് **KSEB** പറയുന്നുവെങ്കിൽ, അത്തരം സാഹചര്യത്തിലും **meter reading** എങ്ങനെ എടുത്തു. **service connectivity** എങ്ങനെ നിലനിന്നു എന്നിവയും പരിശോധിക്കേണ്ടതാണ്.

ഈ കേസിൽ എന്റെ വ്യക്തമായ നിലപാട്, ഞാൻ **KSEB**-യ്ക്ക് എന്റെ സ്വകാര്യ ഭൂമിയിലൂടെ പ്രസ്തുത **line** തുടരുന്നതിനായി ഒരിക്കലും എഴുത്തുപൂർവ്വ **Consent** നൽകിയിട്ടില്ല എന്നതാണ്. **KSEB** വിവിധ ഘട്ടങ്ങളിൽ വൈന്തലക്കാരൻ ലോനപ്പന്റെ **Consent** പരാമർശിക്കുന്നുവെങ്കിൽ, ആ വ്യക്തിയുടെ **Consent** എന്റെ ഭൂമിയിലൂടെ നിലവിലെ **disputed route** തുടരുന്നതിനുള്ള അവകാശം എങ്ങനെ സൃഷ്ടിക്കുന്നു എന്ന് **KSEB** തെളിയിക്കേണ്ടതാണ്. പ്രത്യേകിച്ച്, പ്രസ്തുത **Consent**-ന്റെ യഥാർത്ഥ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, **Consent** നൽകിയ വ്യക്തിയുടെ ഭൂമിയുമായുള്ള ഉടമസ്ഥാവകാശമോ നിയമപരമായ ബന്ധമോ, **Consent** ഏത് ഭൂമിയെയും ഏത് **route/alignment**-നെയും ഏത് ആവശ്യത്തിനെയും എത്ര പരിധിവരെ **cover** ചെയ്യുന്നു എന്നതും രേഖകളിലൂടെ വ്യക്തമാക്കണം. **Consent** മറ്റൊരു വ്യക്തിയുടെ ഭൂമി/**route** സംബന്ധിച്ചതാണെങ്കിൽ, അത് അപ്പീലന്റിന്റെ സ്വകാര്യ ഭൂമിയിലൂടെ പോകുന്ന നിലവിലെ **line**-ന് എങ്ങനെ ബാധകമാകുന്നു എന്നതും പ്രത്യേകം തെളിയിക്കണം. അതിനാൽ ഈ വിഷയത്തിൽ ആദ്യം "**KSEB**-യ്ക്ക് അവകാശം എവിടെ നിന്നാണ് ലഭിച്ചത്?" എന്ന ചോദ്യത്തിന് രേഖാപരമായ ഉത്തരം വേണം. അതിന് ശേഷമാണ് **2019**-ലെ **dismantling/reconfiguration**-ന് ശേഷമുള്ള നിലവിലെ **route**-നും **present arrangement**-നും ആ അവകാശം എങ്ങനെ ബാധകമാകുന്നു എന്ന് പരിശോധിക്കേണ്ടത്. പഴയ **line** ഉണ്ടായിരുന്നതോ, പഴയ കാലത്ത് **KSEB supply** നൽകിയിരുന്നതോ, മറ്റൊരാളുടെ പേരിൽ ഒരു **Consent** ഉണ്ടായിരുന്നതോ മാത്രം അടിസ്ഥാനമാക്കി നിലവിലെ **disputed route**- അവകാശം സ്വതേസ്ഥാപിക്കപ്പെടുന്നില്ല.

1. ഞാൻ **KSEB**-യ്ക്ക് ഒരിക്കലും എഴുത്തുപൂർവ്വ **Consent** നൽകിയിട്ടില്ല.
2. **KSEB** ചൂണ്ടിക്കാണിക്കുന്ന വൈന്തലക്കാരൻ ലോനപ്പന്റെ **consent** എന്റെ ഭൂമിയുമായി ബന്ധപ്പെട്ടതാണെന്ന് തെളിയിച്ചിട്ടില്ല.

3. എന്റെ സ്വന്തം **motor connection** പിന്നീട് മറ്റൊരു **source/transformer/section arrangement**-ലേക്ക് മാറ്റപ്പെട്ടു.
4. അതിനുശേഷം എന്റെ ഭൂമിയിലൂടെ **line** മറ്റൊരു **consumer**- ന് വേണ്ടി തുടരുന്നതിനുള്ള നിലവിലെ നിയമപരമായ അടിസ്ഥാന രേഖകൾ വ്യക്തമായി ഹാജരാക്കിയിട്ടില്ല.
5. **Thomas Consumer**-ന് **disputed line**- ൽ നിലവിൽ യഥാർത്ഥ **physical/electrical connectivity** ഉണ്ടെന്ന് തെളിയിക്കുന്ന പൂർണ്ണ രേഖകൾ ഹാജരാക്കിയിട്ടില്ല. **connectivity** തെളിയിക്കുന്നില്ല.
6. **Consumer database/live status** മാത്രം **actual field connectivity** തെളിയിക്കുന്നില്ല. .
7. **Meter records, field condition, fuse condition, disconnection/reconnection history** എന്നിവ തമ്മിൽ വിശദീകരിക്കേണ്ട വിഷയങ്ങളുണ്ട്.
8. **2018 flood**-ന് ശേഷം **supply disconnected** എന്ന് പറയുമ്പോഴും **meter readings** സംബന്ധിച്ച് വിശദീകരണം ആവശ്യമുണ്ട്.
9. **2019**-ൽ **KSEB** തന്നെ പഴയ **LT line**-ന്റെ ഭാഗം **dismantle** ചെയ്തതായി **records** കാണുന്നു; അതിനു ശേഷമുള്ള **network configuration** വിശദീകരിക്കേണ്ടതാണ്.
10. **Kuttichira Section Asset Register**-ൽ **disputed line** രേഖപ്പെടുത്തിയിട്ടില്ലെന്ന **RTI** മറുപടി നിലവിലെ **asset identity** സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നു.
11. **1157293000641 Consumer**-ന്റെ പഴയ **Section/Transformer/Feeder** ചരിത്രം **Pariyaram Section** വ്യക്തമാക്കാതെ **Kuttichira Section**-ലേയ്ക്ക് മാത്രം വിടുന്നതിൽ രേഖാപരമായ അപാകതയുണ്ട്.
12. **Thomas Consumer Kuttichira Section**-ന്റെ ഭാഗമാണെന്നും **disputed line** തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നതെന്നും തെളിയിക്കുന്ന രേഖകൾ വ്യക്തമായി ഹാജരാക്കിയിട്ടില്ല.
13. **Kappathodu boundary / maintenance accessibility** സംബന്ധിച്ച **KSEB** യുടെ വിവിധ നിലപാടുകൾ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുണ്ട്.
14. **"Alternative route technically feasible** അല്ല" എന്നതിന് വ്യക്തമായ **Route Feasibility / Alternative Study** രേഖകൾ ഹാജരാക്കിയിട്ടില്ല.
15. നിലവിലെ **line**-ന്റെ **physical condition, low clearance, leaning poles, vegetation, flood exposure** എന്നിവ സുരക്ഷാപരമായി പരിശോധിക്കേണ്ടതാണ്.
16. എന്റെ സ്വകാര്യ കാർഷിക ഭൂമിയുടെ സുരക്ഷിതമായ ഉപയോഗത്തെ നിലവിലെ **line/poles** പ്രതികൂലമായി ബാധിക്കുന്നു.

മുകളിൽ പറഞ്ഞ സാഹചര്യങ്ങളും കാരണങ്ങളും പരിഗണിച്ച്, എന്റെ സ്വകാര്യ ഭൂമിയിലൂടെ പ്രസ്തുത **LT line**-യും **poles**-ഉം നിലവിലെ രീതിയിൽ തുടരുന്നതിനെ ഞാൻ വ്യക്തമായും ശക്തമായും എതിർക്കുന്നു.

വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **27/10/2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരന്റെ പ്രതിനിധിയായ ശ്രീ. ജിന്റോ പി. ഡി., എതിർകക്ഷി ശ്രീമതി. സി. എസ്സ്. രതി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ചാലക്കുടി, തൃശൂർ ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്. **11/11/2026**-ൽ പരാതിക്കാരന്റെയും ചാലക്കുടി **Assistant Executive Engineer** ടെയും കുറ്റിച്ചിറ **Assistant Engineer** ടെയും സാന്നിധ്യത്തിൽ ഓംബുഡ്സ്മാൻ സ്ഥലപരിശോധന നടത്തുകയും ചെയ്തു.

പരാതിക്കാരൻ പരിയാരം സെക്ഷന്റെ പരിധിയിൽ വരുന്ന ഒരു കാർഷിക ഉപഭോക്താവാണ്. **2011** വരെ ഇദ്ദേഹത്തിന്റെ കണക്ഷൻ പരിയാരം സെക്ഷനിൽ നിന്ന് കപ്പത്തോട് കടന്നു ഇദ്ദേഹത്തിന്റെയും മറ്റുള്ളവരുടെയും പറമ്പിലൂടെ വലിച്ചിട്ടുള്ള ലൈനിൽ നിന്നായിരുന്നു. പരാതിക്കാരന്റെ കണക്ഷൻ കപ്പത്തോടിന് വടക്കു വശത്താണ്. അതെ സമയം കപ്പത്തോടിനു തെക്കു വശം **2004**-ൽ നൽകിയിട്ടുള്ള കണക്ഷനാണ് ശ്രീ. തോമസിന്റേത്. കുറ്റിച്ചിറ സെക്ഷൻ രൂപീകരിച്ചപ്പോൾ കപ്പത്തോടിന് വടക്കു വശത്തുള്ള കണക്ഷനുകൾ പരിയാരം സെക്ഷനിൽ നിന്ന് കുറ്റിച്ചിറ സെക്ഷനിലേക്ക് മാറ്റി. പരാതിക്കാരനു കണക്ഷൻ നൽകിയിട്ടുള്ള പോസ്റ്റും മറ്റു പോസ്റ്റുകളും ഉൾപ്പെടെ കപ്പത്തോടും വരെയുള്ള ലൈൻ നിലനിർത്തിയിരുന്നു. കപ്പത്തോടിന് കുറുകെ **weather proof line** വലിച്ചാണ് തോമസിന്റെ കണക്ഷൻ നൽകിയിരുന്നത്. എന്നാൽ പരാതിക്കാരൻ പറയുന്നത് **2011**-ൽ ലൈൻ നിലനിർത്താൻ അദ്ദേഹത്തിന്റെ **consent** നേടിയിട്ടില്ല എന്നുള്ളതാണ്. എന്നാൽ വർഷങ്ങളായി നിലനിൽക്കുന്ന ലൈൻ നിലനിർത്താനോ അതിന്റെ അച്ചകുറ്റപ്പണികൾ നടത്തുന്നതിനോ, അതിൽ നിന്നും പുതിയ കണക്ഷൻ നൽകുന്നതിനോ പ്രത്യേക **consent**-ന്റെ ആവശ്യം വരുന്നില്ല. **Kerala Electricity Supply Code, 2014** ലെ റെഗുലേഷൻ **24** -ൽ ഇത് വ്യക്തമാക്കിയിരിക്കുന്നു.

24. The service line, meter and associated equipment deemed to be the property of the licensee. -

> ***(1)*** *The whole of service line, meter and other associated equipment shall be deemed to be the property of the licensee and shall remain under his control so long as they are connected to the distribution system of the licensee.*

(2) *The licensee may use the service line and other apparatus to give supply to other consumers, if the supply to the consumer who has paid for such line and apparatus is not affected adversely: Provided that the service line and other equipment of a consumer with a dedicated feeder shall not be used to supply power to another consumer.*

(3) *Even if the supply to the consumer who has paid for the line or equipment is disconnected, for whatsoever reason, the consumer shall permit the licensee, continued access to the service line and other equipment if they are required to give supply to other consumers, until alternate arrangements are made by the licensee:*

Provided that no payment shall be due to the consumer for such access or facility.

അതിനാൽ പരാതിക്കാരന്റെ **consent** നൽകിയിട്ടില്ല എന്നുള്ള വാദം നിലനിൽക്കുന്നതല്ല.

ഏകദേശം രണ്ടു വർഷത്തോളമായി ഈ ലൈൻ വിച്ഛേദിച്ച നിലയിലാണെന്ന് പരാതിക്കാരൻ പരാതിയിൽ പറയുന്നു. ഇത് **11/11/2026** -ൽ നടത്തിയ പരിശോധനയിൽ ബോധ്യപെടുകയുണ്ടായി. കൂടാതെ പരാതിക്കാരന്റെ കണക്ഷൻ നൽകിയിരുന്ന പോസ്റ്റിൽ അതിനു ശേഷമുള്ള ലൈനിന്റെ ഫ്യൂസ് ഊരിമാറ്റിയിരിക്കുകയാണ്. മാത്രമല്ല, ആ ലൈനിൽ കാടും പടർപ്പും വളർന്നു കയറിയും, പോസ്റ്റുകൾ മറിഞ്ഞും ലൈൻ നിലത്തു തട്ടുന്ന രീതിയിലുമാണ് നിലനിൽക്കുന്നത്. കപ്പത്തോടിന് കുറുകെ ലൈൻ കാണുന്നില്ല. അതിനാൽ തന്നെ ഈ **line** ഉപയോഗസൂന്യമാണെന്നു കാണാം. പ്രസ്തുത തോമസിന്റെ കണക്ഷൻ ഒരു കാർഷിക കണക്ഷനാണെന്നും അതിന്റെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് കൃഷിഭവനാണെന്നും എതിർകക്ഷി അറിയിച്ചിട്ടുണ്ട്. അവിടെ കൃഷിയൊന്നും നടക്കുന്നതായി കാണപ്പെട്ടില്ല. ലൈനില്ലാത്തതിനാൽ കഴിഞ്ഞ രണ്ടു വർഷമായി വൈദ്യുത ഉപഭോഗവും ഉണ്ടായിട്ടില്ല. സമർപ്പിച്ചിട്ടുള്ള രേഖകളിൽ നിന്നും ഏകദേശം **2** വർഷത്തോളമായി മീറ്റർ രേഖപ്പെടുത്തിയിട്ടുള്ള ഉപഭോഗം '**0**' ആണെന്നും ബോധ്യപ്പെടുന്നു. എന്നാൽ **fixed charge** കൃത്യമായും അടയ്ക്കുന്നു എന്നാണ് എതിർകക്ഷി അറിയിച്ചത്. **Fixed charge** കൃഷി ഭവനിൽ നിന്നാണ് അടയ്ക്കുന്നത്. ലൈൻ നിലവിലില്ലാതെ, കണക്ഷൻ ഇല്ലാതെ കൃഷി ഭവൻ കൃത്യമായി വൈദ്യുതചാർജ് അടയ്ക്കുന്നതിന്റെ കാരണം മനസിലാകുന്നില്ല. കേരളത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണു യഥാർത്ഥ കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സർക്കാർ കൈകൊണ്ടിട്ടുള്ളത്. എന്നാൽ കൃഷിയില്ലാതെ വൈദ്യുതി കണക്ഷൻ പോലും നിലനിൽക്കാതെ **fixed charge** അടയ്ക്കുന്നത് കൃഷിഭവന്റെ ഉത്തരവാദിത്വമില്ലായ്മയായികാണേണ്ടതുണ്ട്. ഇത് വഴി സർക്കാരിന്റെ പണം നഷ്ടമാകുകയും ചെയ്യുന്നു. **Kerala Electricity Supply Code -2014,** ലെ ലെ റെഗുലേഷൻ **138 (d)** പ്രകാരം ലൈൻ അപകടാവസ്ഥയിലാണെങ്കിൽ അത് വിച്ഛേദിക്കാൻ ലൈസൻസിയ്ക്ക് അധികാരം നൽകുന്നു.

138. Grounds for disconnection. -

1) *The licensee shall not disconnect the supply of electricity to any consumer except on any one or more of the following grounds: -*

*(**d**) if the failure to disconnect is likely to cause health hazard or safety risk or damage to property or to the consumer or to any other person;*

കൂടാതെ റെഗുലേഷൻ **141** പ്രകാരം വിച്ഛേദിച്ചു കഴിഞ്ഞാൽ **6** മാസത്തേയ്ക്ക് **fixed charge** ഈടാക്കാൻ പാടുള്ളൂ .

141. Charges payable during the period of disconnection. -

The consumer is liable to pay the charges if any as approved by the Commission, during the period of disconnection also:

Provided that no charge shall be due to the licensee for the period which is in excess of one hundred and eighty days from the date of disconnection if the connection remains continuously disconnected for one hundred and eighty days except on the request of the consumer.

ഇവിടെ ഉപഭോക്താവ് കണക്ഷൻ നിലനിർത്താൻ ആവശ്യപ്പെട്ടിട്ടില്ല. **Fixed charge** അടച്ചു കൊണ്ടിരിക്കുന്നത് യഥാർത്ഥ ഉപഭോക്താവുമല്ല. **144**-ൽ അത് വ്യക്തമാക്കുന്നു. അതിനാൽ തന്നെ ലൈൻ അഴിച്ചു മാറ്റാൻ ലൈസൻസിയ്ക്ക് അധികാരമുണ്ട്. റെഗുലേഷൻ **144**-ൽ അത് വ്യക്തമാക്കുന്നു.

144. Grounds for dismantling of service. -

(1) *The service shall be dismantled on the following grounds: -*

(a) *on the termination of the agreement;*

(b) *if the grounds on which the supply was disconnected are not removed or rectified within the notice period.*

ഇവിടെ ലൈൻ വിച്ഛേദിക്കപ്പെട്ടതിന്റെ കാരണങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. അതിനാൽ അപകടങ്ങൾ ഒഴിവാക്കാൻ ലൈൻ അഴിച്ചു മാറ്റാവുന്നതാണ്.

റെഗുലേഷൻ **96**-ൽ ഒരു വർഷക്കാലത്തിലധികം ഉപയോഗസൂന്യമായിരിക്കുന്ന ലൈനുകൾ ലൈസൻസി അഴിച്ചുമാറ്റേണ്ടതാണെന്നു വിശദമാക്കുന്നു.

96. Dismantling and removal of electric line or electrical plant which are not in use. -

(1) *The licensee shall dismantle and remove electric line or electrical plant constructed over, under, along, across, in or upon any land if the said electric line or electrical plant is not in use continuously for a period of one year or more.*

(2) *Such electric line or electrical plant shall be dismantled and removed by the officer in charge of the local office of the licensee within a period of three months from the date of completion of one year as mentioned in subregulation (1).*

(4) *The licensee shall delegate necessary powers to the officers in charge of the local office to execute as per this regulation, the work relating to dismantling and removal of electric line or electrical plant which are not in use, with a view to avoiding consequent electrical accidents which may arise out of such unattended and unmaintained electric line or electrical plant.*

സുരക്ഷിതത്വം മുൻനിർത്തി ഈ ലൈൻ അഴിച്ചുമാറ്റാവുന്നതാണ്.

തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും സ്ഥലപരിശോധന നടത്തുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. അപകടാവസ്ഥയിലും ഉപയോഗമില്ലാതെയും തുടരുന്ന ലൈൻ ലൈസൻസി ഉടനെ അഴിച്ചു മാറ്റേണ്ടതാണ്.
2. ലൈൻ അഴിച്ചു മാറ്റേണ്ടതിനുള്ള ചെലവ് പരാതിക്കാരൻ വഹിക്കേണ്ടതാണ്.
3. ഈ ഉത്തരവ് കിട്ടി ഒരാഴ്ചയ്ക്കകം ചെലവ് കണക്കാക്കി പരാതിക്കാരനെ അറിയിക്കേണ്ടതും ആ തുക പരാതിക്കാരൻ ഒരാഴ്ചയ്ക്കകം അടയ്ക്കേണ്ടതുമാണ്. തുക അടച്ചാൽ ഒരാഴ്ചയ്ക്കകം ലൈൻ അഴിച്ചു മാറ്റേണ്ടതാണ്.
4. ഈ ഉത്തരവ് **30** ദിവസത്തിനകം നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
5. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/050/2026/ തീയതി : **23-11-2026**

അയക്കുന്നത്:

1. ശ്രീ. ദേവസ്സി പി.പി, **S/o** പൗലോസ് പി.കെ, പരിയാടൻ വീട്, താഴൂർ, ചട്ടികുളം പി.ഒ , ചാലക്കുടി, തൃശൂർ ജില്ല - **680721.**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ചാലക്കുടി, തൃശൂർ ജില്ല.

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം**-4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രീവൻസ് റിഡ്രെസൽ ഫോറം, **220** കെ വി സബ്സ്റ്റേഷൻ കോമ്പൗണ്ട്, **H M T** കോളനി പി.ഒ, കളമശേരി, എറണാകുളം ജില്ല, പിൻ **- 683503.**